പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3548 | 18.02.2013 ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|
| **അംഗൻവാടികൾക്ക് കെട്ടിടം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ആർ. രാജേഷ്** | **ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി** |
| (എ) സാമൂഹ്യക്ഷേമ വകുപ്പ് അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാറുണ്ടോ; ഇതിനുള്ള മാനദണ്ഡം എന്താണ്; | (എ) അംഗൻവാടികൾക്ക് കെട്ടിടം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകുന്ന ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ സാമൂഹ്യനീതി വകുപ്പ് അംഗൻവാടി കെട്ടിട നിർമ്മാണത്തിനായി സംസ്ഥാനത്ത് ഒട്ടാകെ എസ്.സി/എസ്.ടി മേഖലകളിൽ 3 5 അംഗൻവാടികൾക്ക്, അംഗൻവാടി ഒന്നിന് 3 . 5 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗൻ വാടികളിൽ 7 0 0 എണ്ണത്തിന് NABARD-R I D F പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുത്തു വരുന്നു.<br><br>കൂടാതെ സ്വന്തമായി 1 0 സെന്റ് സ്ഥലവും എംഎൽഎ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എം. എൽ. എ ശുപാർശ ചെയ്തിട്ടുണ്ട്; ഏതൊക്കെ; ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ; | (ബി) & (സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടികൾ ആരംഭിക്കുന്നതിനായി എം.എൽ.എ കത്ത് നൽകിയിരുന്ന ഭരണിക്കാവ് ഐ.സി.ഡി.എസ് പ്രൊജക്റ്റിലെ പലമേൽ ഗ്രാമപഞ്ചായത്തിലെ 93-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടികൾ ആരംഭിക്കുന്നതിലേയ്ക്കായി | |

| | |
|---|---|
| എം. എൽ. എ കത്ത് നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; മോഡൽ അംഗനവാടി ആരംഭിക്കുന്നതിലേയ്ക്കായി അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ